പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ, സ്കൂളുകളും കോളേജുകളും തുറക്കുന്ന ജൂൺ, ജൂലായ് മാസങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മറ്റ് അർഹ വിദ്യാർത്ഥികൾക്കും ഏറ്റവും കൂടുതൽ പണം കൊടുക്കേണ്ടതാണ്. ഈ സമയത്ത് അവരുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചാർജ്, മെസ് ചാർജ്, ഇതൊക്കെ കൊടുക്കേണ്ടതാണ്. അല്പം ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനായി ഈ മാസം പട്ടികജാതി വികസന വകുപ്പിന് 30 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന് ഒമ്പതര കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആ തുകയെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കഴിഞ്ഞ 15-ാം തീയതി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ മാസംകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കും. മൂപ്പത്തിയൊമ്പതര കോടി രൂപയുടെ എല്ലാ ക്ലിയറൻസും ആയിട്ടുണ്ട്. പ്രശ്നം പരിഹരിക്കും.

(4) മൽസ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് നടപടികൾ

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, സംസ്ഥാനത്തെ തീരദേശത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം സംബന്ധിച്ച് അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇന്ന് മൽസ്യത്തൊഴിലാളികൾക്ക്, പ്രത്യേകിച്ച് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഭീഷണിയായിട്ടുള്ള അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ബോട്ടുകൾ ഉൾപ്പെടെയുള്ള മൽസ്യ ബന്ധന യാനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഇതര തീരപ്രദേശത്ത് തമ്പടിച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല. അതുപോലെ അവർ പിടിക്കുന്ന മൽസ്യത്തിന് വില ലഭിക്കാത്ത രീതിയിലുള്ള അതീവഗുരുതരമായ ഒരു സംഘർഷം ഉണ്ടായിരുന്നു. ആ സംഘർഷം രൂക്ഷമാകാനാണ് സാധ്യത. അത് പരിഹരിക്കുന്നതിനുവേണ്ടി അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ബോട്ടുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സംസ്ഥാനത്തെ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, അനിയന്ത്രിതമായ മൽസ്യബന്ധനംമൂലം കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖല ഒരു പ്രതിസന്ധിയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഒരു നിയന്ത്രണവുമില്ലാതെ മൽസ്യബന്ധന ബോട്ടുകളും മറ്റ് യാനങ്ങളും കേരളത്തിലെ മൽസ്യബന്ധന തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മൽസ്യബന്ധനം നടത്തുന്നുണ്ട്. ഇത് കേരളത്തിലെ മൽസ്യസമ്പത്തിനെ വളരെ ദോഷകരമായി ബാധിച്ചിരിക്കുന്നു. എന്നാൽ അന്തർ സംസ്ഥാന ബന്ധത്തെ ദോഷകരമായി ബാധിക്കാത്തവിധം അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന യാനങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായ നടപടി എടുക്കുന്നതാണ്. ഇതിനുവേണ്ടി യാനങ്ങളുടെ സെൻസസും രജിസ്ട്രേഷനും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly